മനോരമ

# അതിജീവിത മേഖലയിൽ വിശ്വാസ് - വി.എൻ.രാജൻ പുരസ്കാരം

പാലക്കാട് • കുറ്റകൃത്യങ്ങളിലെ ഇരകളുടെയും അതിജീവിതരുടെയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ്, അടിയന്തരാവസ്ഥക്കാലത്തെ സംസ്ഥാനപൊലീസ് മേധാവി പരേതനായ ഐജി വി.എൻ. രാജന്റെ സ്മരണാർഥം പുരസ്കാരം നൽകുന്നു. വിശ്വാസ് വി.എൻ. രാജൻ എന്ന പേരിലുള്ള പുരസ്കാരത്തിന് സംഘടന നാമനിർദേശങ്ങൾ ക്ഷണിച്ചു.

വിവിധതരം പീഡനങ്ങൾ നേരിട്ട് പിന്നീട് ജീവിതത്തിൽ വിജയം നേടിയ വ്യക്തികൾക്കോ, അത്തരത്തിൽ പീഡനമനുഭവിച്ചവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനു പരിശ്രമിക്കുന്ന സന്നദ്ധ സംഘടനകൾക്കോ ആണ് വർഷം തോറും 10,000 രൂപയും ഫലകവുമടങ്ങുന്ന പുരസ്കാരം നൽകുക.

അതിജീവിതകളുമായി ബന്ധപ്പെട്ട മേഖലയിലെ ആദ്യ പുരസ്കാരമാണിത്.

വ്യക്തികൾക്കോ സംഘടനകൾക്കോ അവാർഡിനുള്ള നാമനിർദേശങ്ങൾ സമർപ്പിക്കാമെന്നു വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, വൈസ് പ്രസിഡന്റ് ബി. ജയരാജൻ, നിയമവേദി ചെയർപഴ്സൻ അഡ്വ. എസ്. ശാന്താദേവി, പുരസ്കാര സമിതി കൺവീനർ എം. ദേവദാസ് പറഞ്ഞു. പുരസ്കാരം പിന്നീട് പ്രത്യേകം നടക്കുന്ന ചടങ്ങിൽ നൽകും.

പൂർണ വിവരം ഉൾപ്പെടുന്ന നാമനിർദേശങ്ങൾ 15 നകം സെക്രട്ടറി, വിശ്വാസ്, സിവിൽ സ്റ്റേഷൻ, പാലക്കാട്-678001 എന്ന വിലാസത്തിൽ അയച്ചു നൽകാം. കൂടുതൽ വിവരങ്ങൾ 9400933444 എന്ന നമ്പറിൽ ലഭിക്കും.